**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്ക സമുദായക്ഷേമ സമിതി (2011-2014)

**നാലാമത് റിപ്പോർട്ട്**

(2013 ഏപ്രിൽ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം
പരിഹരിക്കുന്നത് സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്ക സമുദായക്ഷേമ സമിതി
# (2011-2014)

നാലാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം
പരിഹരിക്കുന്നത് സംബന്ധിച്ച്)

614/2013.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

## പിന്നോക്ക സമുദായക്ഷേമ സമിതി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

ശ്രീ. വി. റ്റി. ബൽറാം, എം. എൽ. എ.

ശ്രീ. പി. കെ. ബഷീർ, എം. എൽ. എ.

ശ്രീ. എ. റ്റി. ജോർജ്, എം. എൽ. എ.

ശ്രീമതി ജമീലാ പ്രകാശം, എം. എൽ. എ.

ശ്രീ. സി. കൃഷ്ണൻ, എം. എൽ. എ.

ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.

ശ്രീ. ആർ. സെൽവരാജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

## മുഖവുര

സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പൊതുവായ ക്ഷേമം മുൻനിർത്തി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261 ഇ പ്രകാരം 1993-ൽ രൂപീകൃതമായതാണ് പിന്നോക്ക സമുദായ ക്ഷേമ സമിതി. സംസ്ഥാന സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായാംഗങ്ങൾക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രാതിനിധ്യം ലഭ്യമാകുന്നു ണ്ടോയെന്ന് പരിശോധിക്കുക, ഇപ്രകാരം അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നത് പിന്നോക്ക സമുദായക്ഷേമ സമിതി യുടെ പ്രധാന കർത്തവ്യങ്ങളാണ്.

സംസ്ഥാനത്തെ സ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവടങ്ങളിലെ അറബിക്, ഉർദു അദ്ധ്യാപകർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ചില സംവരണ വിഭാഗ ഉദ്യോഗാർത്ഥികൾ ഉൾപ്പെടാതെ വന്നതുമൂലം പ്രസ്തുത സംവരണ വിഭാഗക്കാർക്കായുള്ള കുറേയേറെ തസ്തികകൾ വളരെക്കാലമായി നികത്തപ്പെടാതെ കിടക്കുകയാണ്. ഇത് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ സംവരണം സംബന്ധിച്ചുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല. ഇക്കാരണത്താൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ മറ്റ് സംവരണ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അവസര നഷ്ടം ഉണ്ടാകുന്നു. ഇപ്രകാരം പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യതയെ ബാധിക്കുന്ന ഈ വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വ്യക്തികളും സംഘടനാ പ്രതിനിധികളും സമിതിക്ക് ഹർജികൾ സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജികളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് ലഭ്യമായ റിപ്പോർട്ടു കളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റേയും അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും ശുപാർശകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയുടെ ഭാഗമായി 2011-ൽ നിലവിൽ വന്ന പിന്നോക്ക സമുദായക്ഷേമ സമിതിയുടെ (2011-14) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2013 ഏപ്രിൽ മാസം 3-ാം തീയതി ചേർന്ന സമിതിയുടെ യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

*ചെയർമാൻ,*

*പിന്നോക്ക സമുദായക്ഷേമ സമിതി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 10.

# റിപ്പോർട്ട്

ആഗോള സാമ്പത്തിക മാന്ദ്യം വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ തൊഴിൽ സാദ്ധ്യതകൾക്ക് മങ്ങലേൽപ്പിച്ചതോടുകൂടി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ യുവജനങ്ങളുടെ പ്രധാന തൊഴിൽ ദാതാവായി വീണ്ടും മാറിയിരിക്കുന്നു. തൊഴിൽ തേടിയുള്ള പ്രയാണത്തിനിടയിൽ നിരവധി മത്സരപരീക്ഷകളിലൂടെ കടന്നു പോകുന്ന ഒരു ഉദ്യോഗാർത്ഥിക്ക് രണ്ടോ മൂന്നോ റാങ്ക്ലിസ്റ്റുകളിൽ മാത്രമായിരിക്കും കടന്നുകൂടാൻ സാധിക്കുക. അതിൽത്തന്നെ ചുരുക്കം ചിലർക്ക് മാത്രമാണ് നിയമനം ലഭ്യമാകുന്നതും. തൊഴിൽ രഹിതരായ ചെറുപ്പക്കാർ ഇത്രത്തോളം കെ.പി.എസ്.സി.യെ ആശ്രയിക്കുമ്പോൾ അതിന്റെ നിയമന വ്യവസ്ഥകളിലും ചട്ടങ്ങളിലും എന്തെങ്കിലും പോരായ്മ സംഭവിച്ചാൽ അത് ഉദ്യോഗാർത്ഥികളുടെ, പ്രത്യേകിച്ച് പിന്നോക്ക സമുദായങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ഭാവിയിൽ കരിനിഴൽ വീഴ്ത്തുന്നതിന് ഇടയാകുമെന്നതിനാൽ ഇവയിൽ എന്തെങ്കിലും പഴുതുകളുണ്ടെങ്കിൽ അത് പരിഹരിച്ച് കുറ്റമറ്റതാക്കേണ്ടതുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ പ്രത്യേകിച്ച് സംസ്ഥാനത്തെ വിവിധ സ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ അറബിക്, ഉർദു, സംസ്കൃതം അദ്ധ്യാപക തസ്തികകളിലെയും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേക്കുമുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകളിൽ ചില സംവരണ വിഭാഗം ഉദ്യോഗാർത്ഥികൾ ഉൾപ്പെടാതെ വരുന്നതുമൂലം കുറെയേറെ തസ്തികകൾ വളരെക്കാലമായി നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുകയാണെന്നും ഇത് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിന്റെ സംവരണം സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലെന്നും ഇക്കാരണത്താൽ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള നിരവധി മറ്റ് സംവരണ വിഭാഗം ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യതയേയും ഭാവിയേയും ബാധിച്ചിരിക്കുന്നതായി കാണിച്ച് വ്യക്തികളിൽ നിന്നും കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റി, കോഴിക്കോട്, കെ.പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസ്സോസിയേഷൻ, ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ജൂനിയർ അറബിക് കോഴിക്കോട് തുടങ്ങിയ സംഘടനകളിൽ നിന്നും നിരവധി ഹർജികൾ പിന്നോക്ക സമുദായക്ഷേമ സമിതിക്ക് ലഭിക്കുകയുണ്ടായി.

2. എൻ.സി.എ. (നോ കാൻഡിഡേറ്റ് അവയിലബിൾ) ഒഴിവുകളെ സംബന്ധിച്ചുള്ള തുടർ വിജ്ഞാപന നടപടി ക്രമങ്ങൾ അനന്തമായി നീളുന്നതു കാരണം ഈ തസ്തി കയിലേക്ക് നിയമനം ലഭിക്കാൻ യോഗ്യത നേടിയിട്ടുള്ള മറ്റ് സംവരണ വിഭാഗങ്ങ ളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവസര നഷ്ടമുണ്ടാകുന്നതിനാൽ എൻ.സി.എ. ഒഴിവുകളുടെ പുനഃവിജ്ഞാപനത്തിന്റെ എണ്ണം രണ്ടായി നിജപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ വിജ്ഞാപനം നടത്തി നിയമന നടപടികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണം. ഇപ്രകാരമുള്ള നടപടികൾക്കുശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്നപക്ഷം പ്രസ്തുത ഒഴിവുകളിൽ, കെ.എസ്.& എസ്.എസ്.ആർ.-ലെ സംവരണ വ്യവസ്ഥ പ്രകാരം അർഹരായ മറ്റ് സംവരണ വിഭാഗങ്ങൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ എൻ.സി.എ. ഒഴിവുകളിലേക്ക് രണ്ട് തവണ പുനഃവിജ്ഞാപനത്തിനുശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ

വരുന്നപക്ഷം പ്രസ്തുത ഒഴിവുകളിൽ അർഹരായ മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കണം തുടങ്ങിയ ആവശ്യങ്ങൾ സമിതി വിശദമായി പരിശോധിക്കുന്നതിന് തീരുമാനിക്കുകയും ഹർജികളിന്മേൽ സർക്കാരിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

3. ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പിൽ നിന്നുള്ള 6-12-2011-ലെ 21450/ആർ.1/2011/ഉഭപവ. നമ്പർ പ്രകാരമുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

'1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിന്റെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ സംവരണ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നത്. പ്രസ്തുത ചട്ടത്തിന്റെ 15 (എ) പ്രകാരം 14-ാം ചട്ടത്തിന്റെ (സി)-യിൽ പറഞ്ഞിട്ടുള്ള റൊട്ടേഷനും 17-ാം ചട്ടത്തിലെ 2-ാം ഉപചട്ടത്തിലെ അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരവും ഏതെങ്കിലും സമുദായത്തിലോ സമുദായങ്ങളുടെ ഗ്രൂപ്പിലോ നിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തപക്ഷം അങ്ങനെയുള്ള ഒഴിവ് നികത്താതെ വെയ്ക്കേണ്ടതും ടി ഒഴിവ് ആ തിരഞ്ഞെടുപ്പുവർഷത്തേക്ക് ആ സമുദായത്തിനോ സമുദായങ്ങളുടെ ഗ്രൂപ്പിനോവേണ്ടി പ്രത്യേകമായി വിജ്ഞാപനം ചെയ്യേണ്ടതും ആ സമുദായത്തിൽ നിന്നോ സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ മാത്രം നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേന നികത്തേണ്ടതുമാണ്. കുറഞ്ഞത് രണ്ട് തവണയെങ്കിലും ആവർത്തിച്ച് പുനഃവിജ്ഞാപനം നടത്തിയതിനുശേഷവും അതത് സമുദായത്തിൽ നിന്നോ സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ തിരഞ്ഞെടുക്കുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തപക്ഷം, ലഭ്യമായ മറ്റു പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലഭ്യമായ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതും അവരുടെയും അഭാവത്തിൽ ലഭ്യമായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

ഉപചട്ടം (ബി)യിൽ, അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രകാരം പട്ടികജാതിക്കാർക്ക് അലോട്ട് ചെയ്തിട്ടുള്ള ഊഴത്തിലേക്ക് തെരഞ്ഞെടുക്കുന്നതിന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലെങ്കിൽ, പ്രസ്തുത ഗ്രൂപ്പിനെ പാസ് ഓവർ ചെയ്യേണ്ടതും പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള അനുയോജ്യനായ ഒരു ഉദ്യോഗാർത്ഥിയെകൊണ്ട് ഈ ഒഴിവ് നികത്തേണ്ടതും ഇതുപോലെ തിരിച്ചും ചെയ്യേണ്ടതുമാണ്. ഇപ്രകാരം, തൽക്കാലത്തേക്ക് പാസ് ഓവർ ചെയ്യപ്പെട്ട സമുദായത്തിൽ നിന്നോ, സമുദായങ്ങളുടെ ഗ്രൂപ്പിൽ നിന്നോ അനുയോജ്യനായ ഉദ്യോഗാർത്ഥിയെ പിന്നീട് ലഭ്യമാകുന്നപക്ഷം, താത്ക്കാലികമായ പാസ് ഓവറിന്റെ പ്രയോജനം ലഭിച്ച പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സമുദായത്തിന്റെ ഏറ്റവും നേരത്തെയുള്ള ഊഴത്തിൽതന്നെ അത് തിരികെ നൽകേണ്ടതുമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ടേൺ നിലവിലുള്ള വ്യവസ്ഥ പ്രകാരം മറ്റ് വിഭാഗങ്ങൾക്ക് മാറ്റി കൊടുക്കാവുന്നതല്ല.'

4. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആണ് സംവരണ വിഭാഗങ്ങൾക്ക് അർഹമായിട്ടുള്ള സംവരണ ശതമാനം പൂർണ്ണമായും

ഓരോ വിഭാഗത്തിനും ലഭിക്കുന്നതിനായി കെ.എസ്. & എസ്.എസ്.ആറിലെ നിയമന ത്തിലെ സംവരണം സംബന്ധിച്ചുള്ള വ്യവസ്ഥകളിലെ റൂൾ 15 ജി.ഒ.(പി) നമ്പർ 7/2006/ പി. & എ. ആർ. ഡി. തീയതി 8-3-2006 പ്രകാരം ഭേദഗതി ചെയ്തത് (അനുബന്ധമായി ചേർത്തിരിക്കുന്നു). ചട്ടം ഭേദഗതി ചെയ്തുവെങ്കിലും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിൽ ചില പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടെന്നും സമിതി ചൂണ്ടിക്കാണി ക്കുന്നു. ഇപ്രകാരം ഭേദഗതി വരുത്തിയപ്പോൾ ചില കാര്യങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ലായെന്ന് സമിതി വിലയിരുത്തുന്നു. ഒന്നാമതായി പുനഃവിജ്ഞാപനം സംബന്ധിച്ചുള്ള ചട്ടങ്ങളിൽ യോഗ്യരായ സംവരണ വിഭാഗം ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം രണ്ട് തവണയിൽ കുറയാതെ പുനഃവിജ്ഞാപനം നടത്തിയശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം പ്രസ്തുത ഒഴിവുകൾ അർഹരായ മറ്റ് പിന്നോക്ക/പട്ടിക വിഭാഗങ്ങൾക്ക് മാറ്റി നൽകാവുന്നതാണ്. പ്രസ്തുത വ്യവസ്ഥപ്രകാരം പരമാവധി എത്ര തവണ പുനഃവിജ്ഞാപനം നടത്താമെന്ന് വ്യക്തമല്ല. ഇത് കാരണം എത്ര തവണ വേണമെങ്കിലും പുനഃവിജ്ഞാപനം നടത്താമെന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. കൂടാതെ ഇപ്രകാരം എൻ.സി.എ. ഒഴിവുകളിലെ നിയമനത്തിനുള്ള പുനഃവിജ്ഞാപനം എത്ര കാലയളവിനുള്ളിൽ വേണമെന്നും നിയമന നടപടികൾ എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടില്ല. ഇത് എൻ.സി.എ. ഒഴിവുകളിലെ നിയമന നടപടികൾ അനന്തമായി നീണ്ടു പോകുന്നതിന് ഇടയാക്കുന്നതാണ്. കൂടാതെ ഇത് രണ്ട് പ്രധാന പ്രശ്നങ്ങൾക്ക് വഴിവയ്ക്കും. ഒന്നാമതായി ഒരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന മറ്റ് സംവരണ വിഭാഗം ഉദ്യോഗാർത്ഥി കൾക്ക് ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് മറ്റൊരു സംവരണ വിഭാഗത്തിന്റെ ഒഴിവിൽ നിയമനം ലഭിക്കുന്നതിനുള്ള അവസരം നഷ്ടമാകും. രണ്ടാമതായി ഇപ്രകാരമുള്ള ഒഴിവുകൾ നികത്തപ്പെടാതെ വർഷങ്ങളോളം ആർക്കും പ്രയോജനപ്പെടാതെ കിടക്കുകയും ചെയ്യും.

5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എൻ.സി.എ. ഒഴിവുകൾ പരസ്പരം മാറ്റി നൽകാവുന്നതാണെന്ന് ചട്ടത്തിൽ വ്യവസ്ഥയുണ്ടെങ്കിലും പ്രസ്തുത ഒഴിവുകളിലേക്ക് ആവർത്തിച്ച് പുനഃവിജ്ഞാപനം നടത്തിയിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വരുന്നപക്ഷം ആ ഒഴിവുകളിലേക്ക് അർഹരായ മറ്റ് സംവരണ വിഭാഗം ഉദ്യോഗാർത്ഥികളെ നിയമിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒഴിവുകളിൽ മറ്റ് സംവരണ വിഭാഗം ഉദ്യോഗാർത്ഥികളെ നിയമിക്കാനാവില്ല എന്ന നിലപാട് കാരണം നിരവധി തസ്തികകൾ വർഷങ്ങളായി നികത്താതെ കിടക്കുന്ന സാഹചര്യവും യോഗ്യരായ മറ്റ് സംവരണ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെ പോകുന്നതും ഒട്ടും നീതീകരിക്കാനാകില്ലെന്ന് സമിതി വിലയിരുത്തുന്നു.

6. ഇത് സംബന്ധിച്ചുള്ള സ്പഷ്ടീകരണത്തിനായി സമിതി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും 14-12-2011, 28-2-2013, 15-3-2013 എന്നീ തീയതികളിൽ തെളിവെടുക്കുകയുണ്ടായി.

7. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 8-3-2006-ലെ ജി.ഒ.(പി) 07/06/ഉ.ഭ.പ.വ. പ്രകാരം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ വരുത്തിയ ഭേദഗതി പ്രകാരമാണ് എൻ.സി.എ. നിയമനങ്ങൾ നടത്തിവരുന്നത്.

ചട്ടം 15 (എ) പ്രകാരം പുനഃവിജ്ഞാപനങ്ങൾ നടത്തിയിട്ടും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ലെങ്കിൽ ആ ഒഴിവുകൾ നികത്തുന്നതിനായി ആവർത്തിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നുണ്ട്. ഇത്തരത്തിൽ തുടർച്ചയായി നാല് തവണയിലേറെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള തസ്തികകളുണ്ട്.

8. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ എൻ.സി.എ. നിയമനങ്ങൾക്കായി പുനഃവിജ്ഞാപനത്തിനുശേഷം രണ്ടു തവണയിൽ കുറയാതെ (........repeatedly for not less than two times.........) എന്നാണ് ചട്ടം 15 (എ)-യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരു തസ്തികയിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ മതിയായ ഒരു നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ, ആ സമുദായത്തിൽ നിന്നുതന്നെ നേരിട്ടുള്ള നിയമനത്തിനായി രണ്ടു തവണയിൽ കുറയാതെ നോട്ടിഫൈ ചെയ്യണമെന്നല്ലാതെ, കൃത്യമായി എത്ര തവണ നോട്ടിഫൈ ചെയ്യണമെന്നോ, നോട്ടിഫിക്കേഷനുകൾ എത്ര കാലയളവിനുള്ളിലാവണമെന്നോ, എൻ.സി.എ. വിജ്ഞാപനങ്ങൾ നടത്തിയിട്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്നപക്ഷം പ്രസ്തുത ഒഴിവുകൾ എപ്രകാരം നികത്തണമെന്നോ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ എൻ.സി.എ. ഒഴിവുകൾ പരസ്പരമല്ലാതെ മറ്റ് സമുദായങ്ങൾക്ക് മാറ്റി നൽകുവാൻ പാടില്ലായെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല എങ്കിലും, ഈ ഒഴിവുകളിൽ മറ്റ് സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനും ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല.

9. തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വന്നിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ നിരവധി എൻ.സി.എ. ഊഴങ്ങൾ നികത്തപ്പെടാതെ അവശേഷിക്കുന്ന സാഹചര്യം നിലവിലുള്ള വിവരം പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം എൻ.സി.എ. ഒഴിവുകളിലേക്ക് രണ്ട് പ്രാവശ്യത്തിൽ കുറയാതെ പുനഃവിജ്ഞാപനം നടത്തിയിട്ടും നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട് എന്നും ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

10. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള തസ്തികകളിലേക്ക് മതിയായ യോഗ്യതയുള്ളവരെ ലഭിക്കാത്ത സാഹചര്യത്തിൽ അടിസ്ഥാന യോഗ്യതയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളെ പ്രസ്തുത തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി സൂപ്പർ ന്യൂമററി തസ്തിക ഉണ്ടാക്കി തസ്തിക ആവശ്യപ്പെടുന്ന യോഗ്യത നേടിയെടുക്കുന്നതിന് അവസരം നൽകുന്ന നടപടി പരിഗണിക്കാവുന്നതാണെന്നുള്ള വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം എല്ലാ തസ്തികകളിലും ഇത് പ്രായോഗികമല്ലെന്ന് സമിതി വിലയിരുത്തുന്നു.

11. അറബിക്, ഉർദു എന്നീ ഭാഷാ അദ്ധ്യാപക തസ്തികകൾ സംസ്ഥാനത്തെ വടക്കൻ ജില്ലകളിലാണ് കൂടുതലായുള്ളത്. സ്വാഭാവികമായും ഈ തസ്തികയിലെ ഒഴിവുകളിലധികവും ഈ ജില്ലകളിലായിരിക്കും ഉണ്ടാകുന്നത്. വിദ്യാഭ്യാസപരമായി

വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളായാണ് സർക്കാർ ഈ മേഖലയെ കണക്കാക്കി യിരിക്കുന്നത്. അതിനുപരിയായി മേൽപ്പറഞ്ഞ അദ്ധ്യാപക തസ്തികകളിൽ നിയമനം നടക്കാതെ അനന്തമായി ഒഴിഞ്ഞു കിടക്കുന്നത് നിലവിലുള്ള വിദ്യാഭ്യാസ പിന്നോക്കാവ സ്ഥയ്ക്ക് ആക്കം കൂട്ടുമെന്ന് സമിതി വിലയിരുത്തുന്നു. ആവശ്യമായ അദ്ധ്യാപകരി ല്ലാതെ വരുന്നത് അദ്ധ്യായനത്തെ സാരമായി ബാധിക്കുമെന്നതിലുപരി തൊഴിലില്ലാത്ത അഭ്യസ്തവിദ്യർ വളരെ കൂടുതലുള്ള നമ്മുടെ സംസ്ഥാനത്തിലെ സാധാരണക്കാരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ള പരിമിതമായ തൊഴിൽ അവസരങ്ങൾ പോലും നിഷേധിക്കുന്ന അവസ്ഥയുണ്ടാക്കുന്നതായും സമിതി അഭിപ്രായപ്പെടുന്നു.

12. പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ സംവരണ ശതമാനം ഒട്ടും നഷ്ടമാകരുത് എന്ന സദുദ്ദേശത്തിൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ നടപ്പിലാക്കുന്നതിനായി ഉണ്ടാക്കിയ ചട്ടങ്ങളിൽ ചില കാര്യങ്ങൾ വ്യക്തമായി സൂചിപ്പിക്കാത്തതുമൂലം അവർക്ക് ദോഷകരമായി ഭവിക്കുന്നത് തികച്ചും വിരോധാഭാസ മാണെന്ന് സമിതി വിലയിരുത്തുന്നു.

13. എൻ.സി.എ. വിജ്ഞാപനം പരമാവധി എത്ര തവണയാകാമെന്നും ഇതിന്റെ വിജ്ഞാപന നിയമന നടപടികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കണമെന്നും റൂളിൽ വ്യക്തമായി രേഖപ്പെടുത്തിയാൽ വളരെ നിസ്സാരമായി പരിഹരിക്കാവുന്നതാണ് ഈ വിഷയം. എന്നാൽ ഇത് സംബന്ധിച്ച് നിരവധി വ്യക്തികളും സംഘടനകളും പരാതികൾ നൽകിയിട്ടും, ഇപ്രകാരം റൂളിലെ വ്യക്തതയില്ലായ്മമൂലം തസ്തികകൾ നികത്തപ്പെടാതെ കിടക്കുന്നതായി പി.എസ്.സി. അറിയിച്ചിട്ടും നിരവധി ഉദ്യോഗാർത്ഥി കൾക്ക് തൊഴിലവസരം നഷ്ടമാവുകയും പലർക്കും അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി അധികരിച്ചുപോവുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള അവധാനതയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇതുപോലുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂടുതൽ ഉത്തരവാദിത്ത്വ ബോധത്തോടെ പ്രവർത്തിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

14. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ എൻ.സി.എ. ഒഴിവുകൾ പരസ്പര മ ല്ലാതെ മറ്റ് സംവരണ സമുദായങ്ങൾക്ക് മാറ്റി നൽകുവാൻ സാധിക്കുകയില്ല എന്ന വ്യവസ്ഥയുടെ കാര്യത്തിലും വ്യക്തത ഉണ്ടാകേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. കാരണം ഒഴിവുവന്ന തസ്തികയിലേക്ക് രണ്ടും മൂന്നും പുനഃവിജ്ഞാപനത്തിനു ശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ പ്രസ്തുത തസ്തിക ഒരിക്കലും നികത്തപ്പെടാതെ കിടക്കുന്നത് സാമാന്യനീതിക്ക് നിരക്കുന്നതാണെന്ന് സമിതി കരുതുന്നില്ല. പ്രസ്തുത തസ്തികകൾ മറ്റ് സംവരണവിഭാഗത്തിന് നൽകിയാൽ പിന്നീട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടാകുന്നപക്ഷം നേരത്തെ കൈമാറ്റം ചെയ്ത സംവരണവിഭാഗത്തിന്റെ ഒഴിവുകൂടി അധികമായി ലഭ്യമാകുന്നതിനാൽ അവസരനഷ്ടമുണ്ടാകുന്നതിനുള്ള സാധ്യതയുമില്ല. ആയതിനാൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒഴിവുകൾ മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകുകയില്ല എന്ന തീരുമാനം പുനഃപരിശോധിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

15. സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ള പരിമിതമായ തൊഴിലവസരങ്ങൾ പരമാവധി പേർക്ക് ലഭ്യമാകുന്നതിന് ഉതകുന്നതരത്തിലുള്ളതാവണം നിയമന വ്യവസ്ഥകൾ. പിന്നോക്ക/പട്ടികവിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവരണവ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഓരോ സംവരണവിഭാഗത്തിനും അവർക്ക് അർഹമായിട്ടുള്ള അവസരങ്ങൾ അവർക്കുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടി ചുമതലപ്പെട്ട വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബദ്ധശ്രദ്ധരാകേണ്ടതുണ്ട്. കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും നിലവിലുള്ള നിയമങ്ങളിൽ വന്നുപെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ആവശ്യമായ ശുപാർശകൾ അവർ സമയബന്ധിതമായിത്തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട താണെന്നും സമിതി വിലയിരുത്തി. സമൂഹത്തിൽ പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങളിലെ ചിലരുടെയെങ്കിലും ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ ഇത് ഉപകരിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി ഹർജികളിൽ ഉന്നയിച്ചിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചുവടെ പറയുന്ന ശുപാർശകൾ നൽകുന്നു.

## ശുപാർശകൾ

1. ഏതെങ്കിലും തസ്തികയിലെ നിയമനത്തിന് മതിയായ യോഗ്യതകളുള്ള ഏതെങ്കിലും സംവരണവിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാകാത്തപക്ഷം പ്രസ്തുത ഒഴിവുകൾ ആ സംവരണവിഭാഗത്തിൽ നിന്നുതന്നെ നികത്തണമെന്നുള്ള കെ.എസ്.&എസ്.എസ്.ആർ.-ലെ നിയമനസംവരണ വ്യവസ്ഥകളിലെ 15 (a)-യിൽ എൻ.സി.എ. ഒഴിവുകളിലേക്കുള്ള പുനഃവിജ്ഞാപനം പരമാവധി രണ്ട് തവണമാത്രം പുറപ്പെടുവിക്കണമെന്നും പ്രസ്തുത രണ്ട് വിജ്ഞാപനങ്ങളും ഒരുവർഷക്കാലാവധിക്കു ള്ളിൽ തന്നെ പുറപ്പെടുവിക്കണമെന്നും ഇത് പ്രകാരമുള്ള നിയമനനടപടികൾ ഓരോ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കണ മെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. എൻ.സി.എ. ഒഴിവുകളിലേക്ക് രണ്ടുതവണ പുനഃവിജ്ഞാപനം നടത്തിയ ശേഷവും മതിയായ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ പ്രസ്തുത സംവരണവിഭാഗ ത്തിൽനിന്നും ലഭ്യമാകാത്തപക്ഷം ആ ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലെ തൊട്ടടുത്ത ക്രമത്തിൽവരുന്ന സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്നും ഇപ്രകാരം ഒരു സംവരണവിഭാഗത്തിന് നഷ്ടപ്പെടുന്ന ഒഴിവുകൾ അടുത്ത ലിസ്റ്റിൽ, മുൻ ലിസ്റ്റിലെ ഒഴിവിൽ നിയമനം ലഭിച്ച സംവരണവിഭാഗത്തിനുള്ള ഊഴത്തിൽനിന്നും നിയമനം നൽകേണ്ടതരത്തിൽ വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഒഴിവുകളിലും എൻ.സി.എ. പുനഃവിജ്ഞാപനങ്ങൾ രണ്ടുതവണ പുറപ്പെടുവിക്കേണ്ടതാണെന്നും പ്രസ്തുത രണ്ട് വിജ്ഞാപനങ്ങളും ഒരു വർഷക്കാലാവധിക്കുള്ളിലാവണമെന്നും ഇപ്രകാരമുള്ള എൻ.സി.എ. വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ ആറുമാസക്കാലയളവി നുള്ളിൽ നിയമനനടപടികൾ പൂർത്തീകരിക്കണമെന്നും ഈ രണ്ട് വിജ്ഞാപനങ്ങൾക്കു ശേഷവും മതിയായ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്നപക്ഷം

<u>പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക്ലിസ്റ്റിലെ ക്രമപ്രകാരം വരുന്ന അടുത്ത പിന്നോക്ക സമുദായത്തിലെ ഉദ്യോഗാർത്ഥിയെ നിയമിക്കണമെന്നും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിന് ഇപ്രകാരം നഷ്ടമാകുന്ന സംവരണവിഹിതം ഇതേ തസ്തികയിൽ ഉണ്ടാകുന്ന അടുത്ത ലിസ്റ്റിൽ നേരത്തെ നിയമനം ലഭിച്ച സമുദായങ്ങളുടെ ടേണുകൾ കൂടി അധികം നൽകി പരിഹരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.</u>

സി. മമ്മൂട്ടി,
*ചെയർമാൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 3.

## അനുബന്ധം

### കെ.എസ്. & എസ്.എസ്.ആറിലെ നിയമനത്തിലെ സംവരണം സംബന്ധിച്ചുള്ള വ്യവസ്ഥകളിലെ റൂൾ 15 ജി.ഒ. (പി) നമ്പർ 7/2006/പി.&എ.ആർ.ഡി. തീയതി 8-3-2006 പ്രകാരം ഭേദഗതി ചെയ്തത്

"15 (a) The integrated cycle combining the rotation in clause (c) of rule 14 and the sub-rotation in sub-rule(2) of rule 17 shall be as specified in the Annexure to this Part. Notwithstanding anything contained in any other provisions of these rules or in the Special Rules if a suitable candidate is not available for selection from any particular community or group of communities specified in the Annexure, such vacancy shall be kept unfilled, notified separately for that community or group of communities for that selection year and shall be filled by the direct recruitment exclusively from among that community or group of communities. If after re-notification, repeatedly for not less than two times, no suitable candidates is available for selection from the respective community or group of communities, the selection shall be made from available Other Backward Classes candidates. In the absence of Other Backward Classes candidates, the selection shall be made from available Scheduled Castes candidates and in their absence, the selection shall be made from available Scheduled Tribes candidates.

*Explanation:* One 'selection year' for the purpose of this rule shall be the period from the date on which the rank list of candidates comes into force to the date on which it expires.

*Note:* All pending uncompensated turns of vacancies such as temporarily passed over, no candidates available and non-joining duty as on the 2nd February, 2006, shall be compensated.

(b) If a suitable candidate is not available for selection from the group of communities classified as "scheduled castes" in the turn allotted from such group in the Annexure, the said group shall be passed over and the post shall be filled up by a suitable candidate from the group of communities classified as "Scheduled Tribes" and vice versa.

(c) The benefit of the turn forfeited to Scheduled Castes or Scheduled Tribes communities by reason of it being passed over under sub-rule (b) shall be restored to it, at the earliest possible opportunity, if a suitable candidate from that particular community or group is available for selection by making adjustment against the claims of the Scheduled Caste or Scheduled Tribe community that derived the extra benefit by reason of such passing over.

(d) Reservation to a category of posts shall not exceed 50% of the total number of vacancies for which selection is resorted to in a selection year:

Provided that the 50% ceiling to reservation specified above shall not apply to the filling up of any number of reserved vacancies kept unfilled and notified separately as per sub-rule(a) of rule 15 to be filled exclusively by direct recruitment from among a community or group of communities:

Provided further that such class of vacancies to be filled up in that year or in any succeeding year or years shall not be considered together with the vacancies of the year in which they are being filled up for determining the ceiling of 50% of the total number of vacancies of that year."

614/2013.